(സി) സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ മേഖലയിൽ പുതിയ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിലെ ഡിപ്ലോമ ഇൻ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്, എയിംസ് ആശുപത്രി മാതൃകയിൽ ബാച്ചിലർ കോഴ്സായി ഉയർത്തി ഈ മേഖലയിലെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ദന്തഡോക്ടർമാരുടെ നിയമനം**

218(3953) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്നും പ്രതിവർഷം എത്ര വിദ്യാർത്ഥികൾ ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

സർക്കാർ കോളേജുകളിൽ നിന്ന് 300 പേരും സ്വാശ്രയ കോളേജുകളിൽ നിന്ന് 1610 പേരും (ആകെ 1910 പേർ) പ്രതിവർഷം ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നുണ്ട്.

(ബി) ബി.ഡി.എസ്. കോഴ്സ് പാസ്സായി പുറത്തിറങ്ങുന്നവരിൽ തുച്ഛമായ ആൾക്കാർക്ക് മാത്രമേ സർക്കാർ മേഖലയിൽ ജോലി ലഭിക്കുന്നുള്ളുയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ പി.എച്ച്.സി./സി.എച്ച്.സി. എന്നിവിടങ്ങളിൽ കൂടുതൽ ദന്തൽ സർജൻമാരെ നിയമിക്കാൻ നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

പി.എച്ച്.സി/സി.എച്ച്.സി. എന്നിവിടങ്ങളിൽ ദന്തൽ സർജൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം**

219(3954) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ 2021-ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച 2021 ജൂൺ 7-ലെ ഉത്തരവ് പ്രകാരം (നമ്പർ/ബി4/63/2021 ആ.കു.വ.) നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പാർക്ക് അപ്ഡേഷൻ ചെയ്യുന്നതിനുവേണ്ടി സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നോ?

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 2021-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 7-6-2021-ലെ ബി4/63/2021/ആ.കു.വ നമ്പർ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ അടിയന്തരമായി സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എല്ലാ മേധാവികൾക്കും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഏത് കാലാവധി വരെയാണ് സ്പാർക്ക് അപ്ഡേഷന് സമയം അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ?

നിശ്ചിത സമയപരിധി നൽകിയിരുന്നില്ല.

(ഡി) 2021-ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായ സ്പാർക്ക് അപ്ഡേഷൻ ഏതൊക്കെ സ്ഥാപന മേധാവികൾ നിർവ്വഹിച്ചുവെന്ന് വ്യക്തമാക്കാമോ?

എല്ലാ സ്ഥാപന മേധാവികളും അപ്ഡേഷൻ നടത്തിയിട്ടുണ്ട്.

(ഇ) അപ്ഡേഷൻ നടത്താത്ത സ്ഥാപന മേധാവികൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ബാധകമല്ല.

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ 2021-ലെ പൊതു സ്ഥലംമാറ്റം നടത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പോസ്റ്റ്മോർട്ടം അലവൻസ്

220(3955) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ രണ്ട് വിഭാഗം ഡോക്ടർമാരുടെ പോസ്റ്റ്മോർട്ടം അലവൻസ് വർദ്ധിപ്പിച്ച് ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly